II ഇ.ബി. XIII- കേരള നിയമസഭ/XI- 24

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂലൈ 14, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

79( *691) <u>പൈതൃക ശേഷിപ്പുകൾ നിലനിർത്താൻ പദ്ധതി</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) നൽകിയ മറുപടിയിൽ, 100 വർഷത്തിൽ കുറയാതെ നിലനിൽക്കുന്ന ചരിത്രപരമായോ പുരാവസ്തു ശാസ്ത്രപരമായോ കലാശില്പപരമായോ കൗതുകപ്രദമായതോ ആയ പ്രാചീന സ്മാരകങ്ങളും പൗരാണിക അവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്തിട്ടുള്ള 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം പൈതൃക ശേഷിപ്പുകൾ സംരക്ഷിക്കുന്ന കർത്തവ്യമാണ് പുരാവസ്തു വകുപ്പിനുള്ളതെന്ന് സഭയെ അറിയിച്ചു. ഇതനുസരിച്ച് സംസ്ഥാനത്ത് തിരുവനന്തപുരം കിഴക്കേകോട്ട (കോട്ടയ്ക്കകം), ഫോർട്ട് കൊച്ചി, പാലക്കാട് കൽപ്പാത്തി എന്നിവയെ പൈതൃക മേഖലകളായി പ്രഖ്യാപിച്ചിട്ടുള്ളതിന് പുറമെ ചരിത്ര സ്മാരകങ്ങളും കൊട്ടാരങ്ങളും ഉൾപ്പെടെ നിരവധി സംരക്ഷിത സ്മാരകങ്ങളുള്ള കോട്ടയ്ക്കകം

മേഖലയിലെ സംരക്ഷണങ്ങളും നിർമ്മാണങ്ങളും പുരാവസ്തു വകുപ്പിന്റെ കൂടി പരിശോധനയ്ക്ക് വരുന്നുണ്ട്. ചരിത്ര പൈതൃക പ്രാധാന്യമുള്ള പ്രത്യേക മേഖലകൾ സംരക്ഷിക്കുന്നതിനും പൈതൃക മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൈതൃക സംരക്ഷണ തത്ത്വങ്ങൾക്കനുസൃത മായി അനുമതി നൽകുന്നതിനുമായി സംസ്ഥാന നഗരാസൂത്രണ വകുപ്പിന്റെ മുഖ്യ ചുമതലയിൽ ചീഫ് ടൗൺ പ്ലാനർ, ചീഫ് ആർക്കിടെക്റ്റ് (പി. ഡബ്ല്യൂ.ഡി), പുരാവസ്തു വകുപ്പ് ഡയറക്ടർ, ഒരു പ്രമുഖ ആർക്കിടെക്റ്റ് എന്നിവർ അംഗങ്ങളായി Art & Heritage Commission രൂപീകരിച്ചിട്ടുണ്ട്. പുരാവസ്തുക്കളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സ്കൂൾ–കോളേജ് തലങ്ങളിൽ ഭാഗീകമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പുരാവസ്തു ക്ലബ്ബുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും ആവശ്യമെങ്കിൽ ആക്ടിൽ ഭേദഗതി വരുത്തുന്ന കാര്യം ആലോചിക്കുന്നതുമാണ്. സംസ്ഥാനത്ത് നിലവിലുള്ള 166 സംരക്ഷിത സ്മാരകങ്ങൾക്ക് പുറമെ പൈതൃക പ്രാധാന്യമുള്ള മറ്റ് പ്രദേശങ്ങൾകൂടി സംരക്ഷിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പിന്റെ സഹകരണത്തോടെ നട പടി സ്വീകരിക്കുന്നതാണ്. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ പ്രഖ്യാപിച്ച 27 സ്മാരകങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും അറ്റകുറ്റപ്പണികൾക്കും ഏർപ്പെടുത്തിയിരി ക്കുന്ന വിലക്കിൽ ഇളവ് വരുത്തുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽ ശുപാർശ സമർപ്പിക്കുന്നതാണ്. വിനോദ സഞ്ചാര വകുപ്പിന്റെ മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിൽപ്പെടുന്ന കോട്ടപ്പുറത്തെ ഉത്ഖനന പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പാണ് നിർവ്വഹിച്ചിട്ടുള്ളത്.

സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ശക്തൻ തമ്പുരാൻ പാലസിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണെന്നും പ്രതിഫലേച്ഛ ഒഴിവാക്കുകയോ വിലയിൽ ഇളവ് വരുത്തുകയോ ചെയ്യാൻ തയ്യാറായാൽ മട്ടന്നൂരിലെ പഴശ്ശി രാജ സ്മാരകവും ഇട്ടി അച്ചുതന്റെ ജന്മഗൃഹത്തോടനുബന്ധിച്ച് നിലനിൽക്കുന്ന കുര്യാലയും ഏറ്റെടുക്കാൻ സർക്കാർ സന്നദ്ധമാണെന്നും പൈതൃക സമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി തൃപ്പൂണിത്തുറയിൽ കേരള സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ബിരുദ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

80(*692) <u>വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസം</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ.മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് 2014 മെയ് 1 മുതൽ പ്രാബല്യത്തിൽ കൊണ്ടുവന്ന "The Street Vendors (Protection of Livelihood and Regulation of Street Vending) Act 2014" എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാക്കിയതിന്റെ അടിസ്ഥാനത്തിൽ അതിനനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് സഭയെ അറിയിച്ചു. ഇതിനായി ഒരു കോടി എൺപത്തിരണ്ട് ലക്ഷത്തി അൻപതിനായിരം രൂപയുടെ കേന്ദ്ര സഹായം സംസ്ഥാനം ആവശ്യപ്പെടുകയും പ്രസ്തുത തുക ലഭ്യമാകുന്ന മുറയ്ക്ക് പൈലറ്റ് പ്രോജക്ടായി സംസ്ഥാനത്തെ 15 മുനിസിപ്പാലിറ്റികളിൽ നടപ്പാക്കുന്നതുമാണ്. സംസ്ഥാന

നയത്തിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തി വഴിയോരക്കച്ചവടക്കാരുടെ വിവരങ്ങൾ ശേഖരിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതുവരെ ഇവരെ ഒഴിപ്പിക്കാൻ പാടുള്ളതല്ല. വഴിയോരക്കച്ചവടത്തിന്റെ മറവിൽ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് നടത്തുക, കുത്സിത മാർഗ്ഗങ്ങളിലൂടെ അമിതലാഭം കൊയ്യുക, ഒന്നിലധികം ഷോപ്പുകൾ നടത്തുകയും മേലാദായത്തിന് കൊടുക്കുകയും ചെയ്യുക എന്നീ പ്രവണതകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. നോൺവെണ്ടിംഗ് സോണായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽനിന്ന് 30 ദിവസത്തെ നോട്ടീസ് നൽകി പ്രസ്തുത കച്ചവടക്കാരെ അനുയോജ്യമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റേണ്ട ചുമതല നഗരസഭകൾ നിർവ്വഹിക്കേണ്ടതാണ്. ഇതനുസരിച്ച് കൊല്ലം നഗരത്തിലെ അടിപ്പാത നിർമ്മാണം ഡിസംബറിൽ പൂർത്തിയാകുന്നതോടെ പ്രസ്തുത സ്ഥലത്തെ വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസകാര്യത്തിൽ മേയറുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഉത്സവകാലങ്ങളോടനുബന്ധിച്ച് വഴിയോരക്കച്ചവടത്തിനായി പ്രത്യേക ചന്തകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും കാൽനട യാത്രക്കാർക്ക് മികച്ച സുരക്ഷയും മുന്തിയ പരിഗണനയും നൽകിക്കൊണ്ടുമാത്രമേ വഴിയോരക്കച്ചവടം സാധ്യമാക്കുകയുള്ളുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

81(*693) <u>വിവിധ രാജ്യങ്ങളിലുള്ള മലയാളികളുടെ വിവരശേഖരണം</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പ്രവാസി മലയാളികളുടെ പുനരധിവാസം പോലുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഈ വിഭാഗക്കാരുടെ സ്ഥിതിവിവരക്കണക്ക് അത്യന്താപേക്ഷിത

മാകയാൽ ആറാമത് ദേശീയ സാമ്പത്തിക സെൻസസിനോടൊപ്പം സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പുമായി ചേർന്ന് എന്യൂമറേറ്റർമാരെ നിയോഗിച്ച് ബ്ലോക്ക്/വാർഡ് തിരിച്ച് എല്ലാ വീടുകളും സന്ദർശിക്കുകയും ഓൺലൈൻ മുഖേനയും വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളിക ളുടെ വിവരശേഖരണം നടത്തി വോള്യം 1 –ആയി റിപ്പോർട്ട് പ്രസിദ്ധീകരിച്ചി ട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റിപ്പോർട്ടിന്റെ രണ്ടാം വോള്യം പ്രസിദ്ധീകരി ക്കുന്ന മുറയ്ക്ക് വിവര ശേഖരണം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുന്ന താണ്. പ്രവാസി മലയാളികൾക്കുള്ള പുനരധിവാസ പദ്ധതി പ്രകാരം നഴ്സറി കൾ, ഹൈടെക് ഫാമുകൾ, ഫിഷ് സ്റ്റാളുകൾ, ഫിഷ് ഫാമുകൾ തുടങ്ങി സ്വയം സംരംഭക പരിപാടികൾ ആരംഭിക്കുന്നതിന് പത്ത് ശതമാനം സബ്സി ഡിയോടെ ബാങ്ക് വായ്പ ലഭ്യമാക്കിവരുന്നു. നിലവിലുള്ള സംവിധാനം പ്രയോജനപ്പെടുത്തി വിസയുമായി ബന്ധപ്പെട്ട് വിശ്വാസ്യത ഉറപ്പുവരുത്തേ ണ്ടതാണെന്നും വ്യാജവിസയുടെ ചതിയിൽപ്പെടാതിരിക്കാൻ ജനങ്ങൾക്ക് ആവശ്യമായ ബോധവത്ക്കരണം നൽകുന്നതാണെന്നും കേന്ദ്ര സർക്കാ രുമായി ബന്ധപ്പെട്ട് അനധികൃതമായി പ്രവർത്തിക്കുന്ന റിക്രൂട്ടിംഗ് ഏജൻസി കളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

82(*694) <u>അന്യസംസ്ഥാനങ്ങളിൽ നോർക്ക സാറ്റലൈറ്റ് ഓഫീസുകൾ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 'നോർക്ക' പ്രവാസി മലയാളികൾ കൂടു തലുള്ള ചെന്നൈ (തമിഴ്നാട്), ബറോഡ(ഗുജറാത്ത്), ബാംഗ്ലൂർ (കർണ്ണാടക), ഹൈദരാബാദ് (തെലങ്കാന) എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകൾ

ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നോർക്ക വകുപ്പിന്റെ നിർവ്വഹണ ഏജൻസിയായ നോർക്ക–റൂട്ട്സിന്റെ പ്രവർത്തനങ്ങൾ മറുനാടൻ മലയാളികളുടെ ഇടയിൽ കൂടുതൽ വ്യാപിപ്പിക്കുക, സേവനങ്ങൾ താമസംവിനാ ലഭ്യമാക്കുക, പ്രവാസി മലയാളികളുടെ പരാതികൾ കേരള സർക്കാർ മുഖേന സമയബന്ധിതമായി അതത് സംസ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുന്നതിനുള്ള ശ്രമങ്ങൾ ഏകോപിപ്പിക്കുക എന്നിവയാണ് സാറ്റലൈറ്റ് ഓഫീസുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലക്ഷ്യമിട്ടിട്ടുള്ളത്. തമിഴ്നാട്ടിൽ, കോൺഫെഡറേഷൻ ഓഫ് തമിഴ്നാട് മലയാളി അസോസിയേഷന്റെ ഓഫീസ് കെട്ടിടത്തിലും ഗുജറാത്തിൽ കേരള സമാജത്തിന്റെ ബറോഡയിലുള്ള ഓഫീസ് കെട്ടിടത്തിലും ആന്ധ്രാപ്രദേശിൽ സോമജിഗുഡ മെട്രോ പാംഗ്രോവ് അപ്പാർട്ട്മെന്റിലും കർണ്ണാടകത്തിൽ ഫെഡറേഷൻ ഓഫ് ആൾ ഇന്ത്യാ മറുനാടൻ മലയാളി അസോസിയേഷന്റെ (FAIMA) ബാംഗ്ലൂർ അൽസൂരിൽ ഉള്ള എസ്.എൻ. സമിതിയുടെ കെട്ടിടത്തിലുമാണ് പ്രസ്തുത ഓഫീസുകൾ പ്രവർത്തിച്ചുവരുന്നത്. ഇതിനുപുറമെ മുംബൈ കേരളഹൗസ്, ഡൽഹിയിലെ ട്രാവൻകൂർ ഹൗസ് എന്നിവിടങ്ങളിൽ നോർക്ക ഡവലപ്മെന്റ് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. NRK ഇൻഷ്വറൻസ് കാർഡിന്റെ അപേക്ഷ സ്വീകരിക്കലും വിതരണവും, പ്രവാസി ക്ഷേമ നിധിയിലേയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കൽ, നോർക്ക പദ്ധതികളുടെ ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിക്കുക, പ്രവാസി സംഘടനകളുമായി സംവേദനം നടത്തുക, പ്രവാസി മലയാളികളുടെ പരാതികൾക്ക് കേരള സർക്കാർ വഴി അതാത് സംസ്ഥാനങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹാരം തേടുക, മാതൃ സംസ്ഥാനത്തെ സ്ഥാവരജംഗമ സ്വത്തുക്കൾക്ക്

സംരക്ഷണം ഉറപ്പുവരുത്തുക തുടങ്ങിയ കാര്യങ്ങളും പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, പ്രവാസി സംഗമങ്ങൾ തുടങ്ങിയവയും സാറ്റലൈറ്റ് ഓഫീസുകൾ വഴി അന്യസംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. മലയാളം മിഷൻ, മലയാളം സർവ്വകലാശാല, നോർക്ക എന്നിവയുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങളും വിവിധ സംസ്ഥാന തലസ്ഥാനങ്ങളിൽ നടത്തിവരുന്നുണ്ട്. വിദേശങ്ങളിൽനിന്നും മടങ്ങിയെത്തുന്ന മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രവാസി ക്ഷേമനിധി ഫണ്ട് തീർത്തും അപര്യാപ്തമായതിനാൽ വിദേശ മലയാളികളിൽനിന്നും ഈടാക്കുന്ന ഫീസിൽനിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 7298 മുതൽ 7555 വരെയുള്ള ചോദ്യങ്ങളിൽ 48 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി.)